1.	ബാഹ്യ പദാർത്ഥങ്ങൾ	-	1-2%
2.	കേടുവന്നത്/കീടബാധയേറ്റത്	-	1-2%
3.	മുപ്പെത്താത്തത്/ചുരുങ്ങിയത്	-	1-3%
4.	സാരമായി കേടുവന്നത്	-	2-3%
5.	കല്ലർപ്പുകൾ	-	10-15%
6.	ഈർപ്പം	-	11-12%

2005 ജനുവരിക്ക് മുൻപും അതിന് ശേഷവും ചെറുപയർ സംബന്ധിച്ച ടെണ്ടറിൽ ഉള്ള വ്യത്യാസം അവ്യക്തത മാറ്റി, കൃത്യതയും സ്പഷ്ടതയും വരുത്തി എന്നതാണ്.

(എഫ്) ലഭിച്ചിരുന്നു. ഇതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിൽ തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം

50 [1947] ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ ചുമതല ഏറ്റശേഷം ഒക്ടോബർ മുതലുള്ള അഞ്ച് മാസത്തെ പർസസ് ആൻഡ് സ്പൈസസിന്റെ മൊത്തം വിറ്റുവരവ് എത്ര;

(ബി) ഒക്ടോബറിനുമുൻപുള്ള അഞ്ചുമാസത്തെ പർസസ് ആൻഡ് സ്പൈസസിന്റെ മൊത്തം വിറ്റുവരവ് എത്ര ;

(സി) രണ്ട് ടേമുകളിലും വാങ്ങിയ പർസസ് ആൻഡ് സ്പൈസസിന്റെ മൊത്തം അളവിലെ വ്യത്യാസം എത്ര ;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിളിക്കുന്ന ടെണ്ടറുകളിൽ സോൾവെൻസി സമർപ്പിച്ചിരിക്കണമെന്ന് നിബന്ധനയുണ്ടോ ; ഈ നിബന്ധന പർസസ് ആൻഡ് സ്പൈസസിന്റെ പർച്ചേസിലും നിഷ്കർഷിച്ചിട്ടുണ്ടോ ;

(ഇ) ഈ ടെണ്ടറുകളിൽ സോൾവെൻസി നിബന്ധന ഏത് മാസം മുതൽക്കാണ് നടപ്പിലാക്കിയത് ;

(എഫ്) സോൾവെൻസി സമർപ്പിക്കാത്തതിന്റെ പേരിൽ എത്രപേർക്ക് ടെണ്ടറിൽ പങ്കെടുക്കുവാനുള്ള അവസരം നിഷേധിക്കപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ജി) പ്രസ്തുത നിബന്ധന നിലനിൽക്കുമ്പോൾതന്നെ സോൾവെൻസി സമർപ്പിക്കാത്ത ആർക്കെങ്കിലും സപ്ലൈ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയിട്ടുള്ള പൾസസ് ആന്റ് സ്പൈസസ് ഇനങ്ങളിൽ ഗുണനിലവാരത്തിന്റെ പേരിൽ എത്ര ലോഡുകൾ നിരസിച്ചിട്ടുണ്ട് എന്നും അത് ആരുടേതൊക്കെ എന്നും വ്യക്തമാക്കുമോ;

(ഐ) ഗുണനിലവാര പരിശോധനയിൽ കോർപ്പറേഷൻ റിജക്ട് ചെയ്ത എത്ര ലോഡുകൾ വീണ്ടും സ്വീകരിച്ചിട്ടുണ്ട്;

(ജെ) ഏതെല്ലാം ഇനങ്ങളാണ് വീണ്ടും സ്വീകരിച്ചത്;

(കെ) ഇത് സപ്ലൈ ചെയ്തതാരാണെന്നും വീണ്ടും സ്വീകരിക്കാൻ ഉണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(എൽ) 2004 സെപ്റ്റംബറിൽ നടന്ന ടെണ്ടർ പ്രകാരം കേരള പൾസസ് ആന്റ് സ്പൈസസ് മാർക്കറ്റിംഗ് കോർപ്പറേഷൻ എന്ന സ്വകാര്യ സ്ഥാപനം സപ്ലൈ ചെയ്ത പീസ് പരിപ്പ്, കടുക്, ഞൊലി ഉഴുന്ന് എന്നീ സാധനങ്ങൾ ഗുണനിലവാരമില്ലാത്തതിനാൽ നിരസിച്ചിരുന്നുവോ;

(എം) നിരസിച്ച സാധനങ്ങൾ നിബന്ധകളിൽ ഇളവ് വരുത്തിക്കൊണ്ട് ഹെഡ് ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം വീണ്ടും സ്വീകരിച്ചിട്ടുണ്ടോ;

(എൻ) പ്രസ്തുത സാധനങ്ങൾ നിരസിക്കാൻ എന്തെല്ലാം കാരണങ്ങളാണ് പറഞ്ഞിരുന്നത് എന്നും ഇതിൽ ഏതെല്ലാം ഗുണനിലവാരങ്ങളിലാണ് മാറ്റം വരുത്തിയത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2420.02 ലക്ഷം രൂപ (ഒക്ടോബർ മുതൽ നാലു മാസത്തെ വിറ്റുവരവ്).

(ബി) 3505.78 ലക്ഷം രൂപ (ഒക്ടോബറിന് മുൻപ് 5 മാസത്തെ വിറ്റുവരവ്).

(സി) 2004 ഒക്ടോബറിന് മുൻപ് 5 മാസം വാങ്ങിയ പൾസസ് —254290 qtls. 2004 ഒക്ടോബറിന് ശേഷം വാങ്ങിയ പൾസസ് —112022.64qtls, വ്യത്യാസം-142267.36 qtls.

(ഡി) ഉണ്ട്.

(ഇ) എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ FIR No. 972/04, തീയതി 17-11-2004 ആയി കേസ് രജിസ്റ്റർ ചെയ്തശേഷമാണ് സോൾവെൻസി സർട്ടിഫിക്കറ്റ് നിബന്ധന നടപ്പിലാക്കിയത്.

(എഫ്) സോൾവെൻസി വയ്ക്കാത്തതുകാരണം ടെക്നിക്കൽ പരിശോധനയിൽ 9 (ഒൻപത്) ടെണ്ടറുകൾ തള്ളിയിട്ടുണ്ട്.

(ജി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly